ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:03.02.2025**

## പ്രധാനവാർത്തകൾ

1). രാഷ്ട്രപതിയുടെ നയപ്രഖ്യാപന പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ച പാർലമെന്റിന്റെ ഇരുസഭകളിലും പുരോഗമിക്കുന്നു.

2). കേരളത്തിനുള്ള റെയിൽവേ ബജറ്റ് വിഹിതം 3,042 കോടി രൂപയെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്.

3). കുഞ്ഞുങ്ങളെ പരിചരിക്കുന്നവർ നാടിൻറെ ഭാവിയെയാണ് പരിചരിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

4). സംസ്ഥാന ആരോഗ്യ വകുപ്പിൻറെ ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിന് നാളെ തുടക്കമാകും; മുഖ്യമന്ത്രി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.

5). എറണാകുളം ബ്രഹ്മപുരത്ത് കംപ്രസ്ഡ് ബയോ ഗ്യാസ് പ്ലാൻറ് മാർച്ച് അവസാനത്തോടെ യാഥാർത്ഥ്യമാകുമെന്ന് മന്ത്രി എം.ബി രാജേഷ്.

==========================================

PNU TVPM

## നന്ദിപ്രമേയ ചർച്ച

രാഷ്ട്രപതിയുടെ നയപ്രഖ്യാപന പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ച പാർലമെന്റിന്റെ ഇരുസഭകളിലും പുരോഗമിക്കുന്നു. രാജ്യത്തിന്റെ ഭാവി യുവാക്കളിലാണെന്നും തൊഴിലില്ലായ്മ ഉൾപ്പടെയുള്ള വിഷയങ്ങൾക്കാണ് മുൻഗണന നൽകേണ്ടതെന്നും ലോക്സഭാ പ്രതിപക്ഷ നേതാവും കോൺഗ്രസ് എംപിയുമായ രാഹുൽ ഗാന്ധി പറഞ്ഞു. കർഷകരുടെ വരുമാനം ഇരട്ടിയാക്കാൻ നിരവധി സംരംഭങ്ങളാണ് കേന്ദ്രസർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് ബിജെപി അംഗം കിരൺ ചൗധരി രാജ്യസഭയിൽ പറഞ്ഞു. ജനുവരി 31-ന് ആരംഭിച്ച ബജറ്റ് സമ്മേളനം ഏപ്രിൽ 4 വരെ തുടരും.

==========================================

## ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പ്

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണം അവസാനിച്ചു. വിവിധ രാഷ്ട്രീയകക്ഷികളിലെ മുതിർന്ന നേതാകകളും താരപ്രചാരകരും ഉൾപ്പടെ പ്രചാരണരംഗത് സജീവമായിരുന്നു. 70 അംഗ നിയമസഭയിലേയ്ക്ക് മറ്റെന്നാളാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ ഈ മാസം എട്ടിന് നടക്കും. ഡൽഹി നിയമസഭ തിരഞ്ഞെടുപ്പ്, ഉത്തർപ്രദേശ്, തമിഴ്നാട് ഉപതിരഞ്ഞെടുപ്പുകൾ തുടങ്ങിയവയിൽ വോട്ടെടുപ്പ് ദിവസം രാവിലെ 7 മുതൽ വൈകിട്ട് 6.30 വരെ തിരഞ്ഞെടുപ്പ് കമ്മീഷൻ എക്സിറ്റ് പോൾ വിലക്കിയിട്ടുണ്ട്.

RNU TVPM

==========================================

## റെയിൽവേ അശ്വിനി വൈഷ്ണവ് - (ഇൻട്രോ)

കേരളത്തിനുള്ള റെയിൽവേ ബജറ്റ് വിഹിതം 3042 കോടി രൂപയെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. കേന്ദ്രബജറ്റിൽ പ്രഖ്യാപിച്ച റെയിൽവേ പദ്ധതികളും വകയിരുത്തലും സംബന്ധിച്ച് വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അമൃത് സ്റ്റേഷൻ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 35 സ്റ്റേഷനുകൾ നവീകരിച്ചതായി കേന്ദ്രമന്ത്രി അറിയിച്ചു.

(വോയിസ്...)

രാജ്യത്ത് പുതിയ 15 നമോ ഭാരത് ട്രെയിനുകൾ, 100 അമൃത് ഭാരത് ട്രെയിനുകൾ 200 വന്ദേ ഭാരത് ട്രെയിനുകൾ, എന്നിവ അനുവദിച്ചതായും കേന്ദ്രമന്ത്രി അറിയിച്ചു.

==========================================

**കാൻസർ പ്രതിരോധ ക്യാമ്പെയിൻ**

സംസ്ഥാന ആരോഗ്യ വകുപ്പിന്റെ '**ആരോഗ്യം ആനന്ദം-അകറ്റാം അർബുദം**' ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിൻറെ സംസ്ഥാനതല ഉദ്ഘാടനം ലോക കാൻസർ ദിനമായ നാളെ മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിക്കും. ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. നാളെ മുതൽ അന്താരാഷ്ട്ര വനിതാ ദിനമായ മാർച്ച് 8 വരെയുള്ള ആദ്യഘട്ട കാമ്പയിനിൽ സ്ത്രീകളെ ബാധിക്കുന്ന സ്തനാർബുദം, ഗർഭാശയ ഗളാർബുദം എന്നിവയുടെ പരിശോധനയും ചികിത്സയും ഉറപ്പാക്കും. ബിപിഎൽ വിഭാഗക്കാർക്ക് പൂർണമായും സൗജന്യമായിട്ടായിരിക്കും പരിശോധന.

==========================================

**ആർ.സിസി പരിശോധന**

കാൻസർ പ്രതിരോധ ക്യാമ്പയിൻറെ ഭാഗമായി തിരുവനന്തപുരം റീജിയണൽ കാൻസർ സെൻററിലും ഈ ദിവസങ്ങളിൽ സൗജന്യ ഗർഭാശയഗള, സ്തനാർബുദ നിർണയ പരിശോധന സംഘടിപ്പിക്കും. കൂടുതൽ വിവരങ്ങൾക്ക് 0471 252 22 99 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

==========================================

**മുഖ്യമന്ത്രി - അങ്കണവാടി**

കുഞ്ഞുങ്ങളെ പരിചരിക്കുന്നവർ നാടിൻറെ ഭാവിയെ കൂടിയാണ് പരിചരിക്കുന്നതെന്നും അവരുടെ പ്രശ്നങ്ങളിൽ സർക്കാർ ഇടപെടുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാനത്ത്

RNU TVPM

പ്രവർത്തനസജ്ജമായ 30 സ്മാർട്ട് അങ്കണവാടികളുടെ ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. ഐ.സി.ഡി.എസ് പദ്ധതി 50-ാം വർഷത്തിലെത്തുമ്പോൾ രാജ്യത്തിനാകെ മാതൃകയാകുന്ന നടപടികളുമായാണ് സംസ്ഥാനം മുന്നോട്ട് പോകുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

==========================================

**അങ്കണവാടി - ഭക്ഷണമെനു**

സംസ്ഥാനത്തെ അങ്കണവാടികളിൽ ഭക്ഷണ മെനു പരിഷ്ക്കരിക്കുമെന്ന് മന്ത്രി വീണാ ജോർജ്. അങ്കണവാടിയിൽ ഉപ്പുമാവിന് പകരം ബിരിയാണി വേണമെന്ന് വിശദീകരിക്കുന്ന കുഞ്ഞിൻറെ വിഡിയോ ശ്രദ്ധയിൽപെട്ടതിനെ തുടർന്നാണ് തീരുമാനം.

==========================================

**എം.ബി രാജേഷ്**

എറണാകുളം ബ്രഹ്മപുരത്ത് കംപ്രസ്ഡ് ബയോ ഗ്യാസ് പ്ലാൻറ് മാർച്ച് അവസാനത്തോടെ യാഥാർത്ഥ്യമാകുമെന്ന് മന്ത്രി എം.ബി രാജേഷ്. ബ്രഹ്മപുരം മാലിന്യ സംസ്കരണ കേന്ദ്രം സന്ദർശിച്ച ശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രതിദിനം 150 ടൺ മാലിന്യം സംസ്കരിച്ച് 15 ടൺ ബയോഗ്യാസ് ഉത്പാദിപ്പിക്കാൻ ശേഷിയുള്ള പ്ലാന്റാണ് നിർമിക്കുന്നത്. തിരുവനന്തപുരത്തും കോഴിക്കോടും പുതിയ പ്ലാൻറുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുമെന്നും മന്ത്രി അറിയിച്ചു.

RNUTVPM

==========================================

**കെ രാജൻ**

പത്ത് വർഷം കൊണ്ട് അഞ്ച് ലക്ഷം പട്ടയങ്ങൾ വിതരണം ചെയ്യുകയാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നതെന്ന് റവന്യൂമന്ത്രി കെ രാജൻ. 1.45 ലക്ഷം പട്ടയം കൂടി ഉടൻ നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണെന്നും മന്ത്രി

പറഞ്ഞു. കോഴിക്കോട് റവന്യൂ മേഖല യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

========================================

**<u>ബ്രേക്ക്.............</u>**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

========================================

**<u>ദേശീയ ഗെയിംസ്</u>**

ഉത്തരാഖണ്ഡിൽ നടക്കുന്ന 38-ാമത് ദേശീയ ഗെയിംസിൽ കർണാടക ഒന്നാം സ്ഥാനത്ത് തുടരുന്നു. സർവീസസ് രണ്ടാമതും മഹാരാഷ്ട്ര മൂന്നാമതുമാണ്. പട്ടികയിൽ പതിനൊന്നാം സ്ഥാനത്താണ് കേരളം. നീന്തൽ 200 മീറ്റർ മെഡ്ലി വിഭാഗത്തിൽ ഇന്ന് കേരളത്തിന്റെ സജൻ പ്രകാശ് വെള്ളി നേടി. 15 കിലോമീറ്റർ സ്ക്രാച്ച് റെയ്സിൽ കേരളത്തിൻറെ അദ്വൈദ് അശോകിനും വെള്ളി മെഡൽ ലഭിച്ചു.

========================================

**<u>സഞ്ജു സാംസൺ -പരിക്ക്</u>**

ഇന്നലെ ഇംഗ്ലണ്ടുമായി നടന്ന ട്വന്റി20 മത്സരത്തിനിടെ മലയാളി ക്രിക്കറ്റ് താരം സഞ്ജു സാംസണ് പരിക്ക്. കൈവിരലിന് പൊട്ടലുണ്ട്. സഞ്ജുവിന് ഡോക്ടർമാർ ആറ് ആഴ്ചത്തെ വിശ്രമം നിർദേശിച്ചിട്ടുണ്ട്.

========================================

**<u>കാലാവസ്ഥ - സംസ്ഥാനം</u>**

കേരളത്തിൽ ഇന്നും നാളെയും സാധാരണയെക്കാൾ 2 മുതൽ 3 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങിയ ആരോഗ്യപ്രശ്നങ്ങൾക്ക് സാധ്യതയുള്ളതിനാൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണം.

========================================

RIJU TVPM

**<u>തിരുവനന്തപുരം പഠനയാത്ര - (ഇൻട്രോ)</u>**

തിരുവനന്തപുരത്തെ പഠനയാത്ര പൂർത്തിയാക്കി സൂപ്പർ 100 വിദ്യാർത്ഥിനികൾ. പാലക്കാട് അട്ടപ്പാടിയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന തിരഞ്ഞെടുക്കപ്പെട്ട പെൺകുട്ടികൾക്കായി നടത്തിവരുന്ന പഠന യാത്രാ പദ്ധതിയാണ് സൂപ്പർ 100.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.....**

**(വോയിസ്............)**

==========================================

**<u>ഓഹരി + സ്വർണ്ണം</u>**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 319 പോയിൻറ് നഷ്ടത്തിൽ 77,187- ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 121 പോയിൻറ് നഷ്ടത്തിൽ 23,361- ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണവില കുറഞ്ഞു. പവന് 320 രൂപ കുറഞ്ഞ് 61,640 രൂപയും ഗ്രാമിന് 7,705 രൂപയുമാണ് ഇന്നത്തെ വില.

==========================================

**<u>ജി.ആർ.അനിൽ</u>**

ഓട്ടോറിക്ഷ ഫെയർ മീറ്റർ പരിശോധന സംവിധാനം ഗ്രാമ പഞ്ചായത്ത് തലങ്ങളിലേക്ക് എത്തിക്കാനുള്ള ശ്രമങ്ങൾ നടക്കുകയാണെന്ന് മന്ത്രി ജി.ആർ അനിൽ. പാലക്കാട് മണ്ണൂർ ഗ്രാമപഞ്ചായത്തിൽ ഫെയർമീറ്റർ മുദ്രവെയ്പ്പ് ക്യാമ്പ് ഓഫീസിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. നിലവിൽ താലൂക്ക് തലങ്ങളിലാണ് ഓട്ടോറിക്ഷാ ഫെയർമീറ്റർ മുദ്രവെയ്പ്പ് പരിശോധന നടക്കുന്നത്.

==========================================

**<u>പട്ടികവർഗ യുവജന സമ്പർക്ക പരിപാടി</u>**

നെഹ്റു യുവകേന്ദ്രയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന പട്ടികവർഗ യുവജന സമ്പർക്ക പരിപാടിക്ക് ഇന്ന് തിരുവനന്തപുരത്ത് തുടക്കം. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള

RNU TVPM

പട്ടികവർഗ വിഭാഗത്തിൽപ്പെട്ട 200-ലധികം യുവാക്കൾ പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്. ഔദ്യോഗിക ഉദ്ഘാടനം നാളെ മന്ത്രി കെ.രാജൻ നിർവ്വഹിക്കും.

==========================================

**ഇടുക്കി ഷീ ലോഡ്ജ്- (ഇൻട്രോ)**

വനിതകൾക്കു വേണ്ടി മാത്രമായി നിർമിച്ച ഇടുക്കി ജില്ലയിലെ ആദ്യ ഷീ ലോഡ്ജ് ഉദ്ഘാടനത്തിനൊരുങ്ങി. പള്ളിവാസൽ പഞ്ചായത്തിൻറെ നേതൃത്വത്തിലാണ് 1.25 കോടി രൂപ ചെലവിട്ട് ഷീ ലോഡ്ജ് നിർമിച്ചിരിക്കുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**

**ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.....**

**(വോയിസ്............)**

==========================================

**കോട്ടയം പോലീസ് - മരണം**

കോട്ടയം തെള്ളകത്ത് വെസ്റ്റ് പൊലീസ് സ്റ്റേഷനിലെ ഡ്രൈവർ ശ്യാം പ്രസാദ് മരിച്ചത് നെഞ്ചിലേറ്റ ഗുരുതര പരിക്ക് മൂലമെന്ന് പ്രാഥമിക പോസ്റ്റുമോർട്ടം റിപ്പോർട്ട്. പ്രതി ജിബിൻ ജോർജിൻറെ ആക്രമണത്തിൽ ശ്യാം പ്രസാദിൻറെ വാരിയെല്ലുകൾ ഒടിഞ്ഞതായും റിപ്പോർട്ടിലുണ്ട്. പ്രതിയെ ഏറ്റുമാനൂർ പൊലീസ് അറസ്റ്റ് ചെയ്തിരുന്നു.

==========================================

**മഞ്ചേരി വിഷ്ണുജ-ആത്മഹത്യ**

മലപ്പുറം മഞ്ചേരിയിൽ പെൺകുട്ടി ജീവനൊടുക്കിയ സംഭവത്തിൽ ഭർത്താവ് പ്രബിനെ മഞ്ചേരി കോടതിയിൽ ഹാജരാക്കി. മരിച്ച വിഷ്ണുജയുടെയുടെ ഫോൺ ശാസ്ത്രീയ പരിശോധനകൾക്ക് കൈമാറിയിട്ടുണ്ട്.

====================

============================

==========================================

RNUTVPM